നമ്പർ. 120480/DOA-ASST-2/2017/Admn

തീയതി: 09.10.2020

**<u>സർക്കുലർ</u>**

വിഷയം:- ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ് - സർവകലാശാലകൾക്ക് കീഴിലുള്ള വിവിധ കോളേജുകളിൽ കേന്ദ്രീകൃത പ്രവേശനത്തിലൂടെ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും കോളേജുകൾ ഈടാക്കുന്ന ഫീസ് സംബന്ധിച്ച്.

സൂചന :- 1) ഗവ.സെക്രട്ടറിയുടെ 29/07/2019 തിയതിയിലെ ബി 3/212/2019 /ഉ.വി.വ നമ്പർ കത്ത്.

2) വൈസ് ചാൻസലർ ഇതേ ഫയലിൽ 09/10/2020 തിയതി നൽകിയ ഉത്തരവ്.

സർവകലാശാലകൾക്ക് കീഴിലുള്ള വിവിധ കോളേജുകളിൽ കേന്ദ്രീകൃത പ്രവേശനത്തിലൂടെ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും കോളേജുകൾ ഈടാക്കുന്ന ഫീസ്, മറ്റൊരു കോളേജിലേക്ക് പ്രവേശനം ലഭിക്കുന്ന പക്ഷം തിരിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട് സർക്കാർ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത മാർഗനിർദേശങ്ങൾ ഉൾക്കൊള്ളുന്ന സൂചന (1) പ്രകാരമുള്ള കത്ത്, തുടർ നടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

Babu Thuluthur

ഡെപ്യൂട്ടി രജിസ്ട്രാർ

സ്വീകർത്താവ്

1.അഫിലിയേറ്റഡ് കോളേജ് പ്രിൻസിപ്പാൾമാർ / സർവ്വകലാശാല പഠനവകുപ്പ് / സെന്റർ മേധാവികൾ.

2. ഡി.എസ്.എഫ്.സി.

File No.HEDN-B3/212/2019-HEDN

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ്

നമ്പർ. ബി3/212/2019/ഉ.വി.വ

29/07/2019,തിരുവനന്തപുരം

പ്രേഷകൻ

ഗവൺമെന്റ് സെക്രട്ടറി

സ്വീകർത്താവ്

രജിസ്ട്രാർ

കേരള/മഹാത്മാഗാന്ധി /കാലിക്കറ്റ് /കുസാറ്റ് /കണ്ണൂർ /എസ്.എസ്.യു.എസ് /ന്യുവാൽസ്/തുഞ്ചത്തെഴുത്തച്ഛൻ മലയാളം/സർവ്വകലാശാല

സർ,

വിഷയം:- ഉന്നത വിദ്യാഭ്യാസ വകുപ്പ് - സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ കേന്ദ്രീകൃത പ്രവേശനത്തിലൂടെ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും കോളേജുകൾ ഈടാക്കുന്ന ഫീസ് - സംബന്ധിച്ച്.

സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ കേന്ദ്രീകൃത പ്രവേശനത്തിലൂടെ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും കോളേജുകൾ ഈടാക്കുന്ന ഫീസ്, മറ്റൊരു കോളേജിലേക്ക് പ്രവേശനം ലഭിക്കുന്ന പക്ഷം തിരിച്ച് നൽകുന്നില്ലായെന്നുള്ള പരാതികൾ സർക്കാരിനു ലഭിച്ച സാഹചര്യത്തിൽ ഫീസ് തിരിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഓരോ അലോട്ട്മെന്റിലും സ്ഥിര പ്രവേശനം എടുക്കുന്ന വിദ്യാർത്ഥികൾ മാത്രമേ കോളേജുകളിൽ നിശ്ചിത ഫീസ് ഒടുക്കേണ്ടതായുള്ളൂ. താല്ക്കാലിക പ്രവേശനം എടുക്കുന്നവർ ഫീസ് ഒടുക്കേണ്ടതില്ല.

2. ഓരോ കോളേജിലും പ്രവേശനമെടുക്കുന്നവർ പ്രവേശനം പൂർത്തിയാകുന്ന തിയതിക്ക് (Date of Closing Admission) മുൻപായി മറ്റ് കോളേജുകളിലേക്ക് പ്രവേശനം ലഭിച്ച് പോവുന്ന പക്ഷം കോളേജുകളിൽ ഈടാക്കിയ മുഴുവൻ ഫീസും റീഫണ്ട് ചെയ്യേണ്ടതാണ്. സർക്കാർ/എയ്ഡഡ് കോളേജുകളിൽ ട്രഷറിയിൽ ഒടുക്കിയ ഫീസിനെ സംബന്ധിച്ച സർട്ടിഫിക്കറ്റ് ഇത്തരത്തിൽ മാറിപോകുന്ന വിദ്യാർത്ഥികൾക്ക് നൽകേണ്ടതും അത് ഹാജരാക്കുന്ന പക്ഷം പുതുതായി ചേരുന്ന കോളേജിൽ ട്രഷറിയിൽ ഒടുക്കേണ്ട ഫീസ് ഒഴിവാക്കി നൽകേണ്ടതുമാണ്.

3. സ്വാശ്രയ കോളേജുകളിലും പ്രവേശനം ക്ലോസ് ചെയ്യുന്ന തിയതിക്ക് (Date of Closing

Admission) മുൻപായി ടി സി. വാങ്ങി പോവുന്ന വിദ്യാർത്ഥികൾക്ക് മുഴുവൻ ഫീസും തിരികെ നൽകേണ്ടതാണ്.

4. പി.ടി.എ ഫണ്ടിന്റെ കാര്യത്തിലും മേൽ മാർഗ്ഗനിർദ്ദേശങ്ങൾ ബാധകമായിരിക്കും.

5. സർവ്വകലാശാലകൾ ഈ നിർദ്ദേശങ്ങൾ കോളേജുകളെ അറിയിക്കേണ്ടതും കേന്ദ്രീകൃത പ്രവേശന സംവിധാനത്തിന്റെ പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

മാർഗ്ഗ നിർദ്ദേശങ്ങൾ അഫിലിയേറ്റഡ് കോളേജുകൾ പാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട സർവ്വകലാശാലകൾ ഉറപ്പുവരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,
എ.ഷാജഹാൻ
സെക്രട്ടറി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.